# പണമാകരുത് വികസനത്തിന്റെ മാനദണ്ഡം

കെ.പി. ഇല്ല്യാസ്

**1.** ഏറെ വികലമാക്കപ്പെട്ട ഒരു വാക്കാണ് വികസനം. വികസനം കോളനികാല പരിഷ്ക്കരണനയത്തിന്റെ സമകാലീന മാതൃകയാണ്. ഭൗതിക പുരോഗതിയാണ് അതിന്റെ ലക്ഷ്യം. ഈ ഭൗതിക പുരോഗതി കോളനി യജമാന രാജ്യങ്ങൾ കൈവരിച്ചത് കോളനികളിലെ മനുഷ്യാധ്വാനവും വിഭവങ്ങളും ചൂഷണം ചെയ്താണ്. അതേ നയം തന്നെയാണ് വികസനം എന്ന പേരിൽ സ്വതന്ത്ര കോളനികളും നടത്തുന്നത്. ഇത് മനുഷ്യപ്രകൃതികളുടെ നാശം ആഭ്യന്തരമായും തീവ്രമാക്കുകയാണ്. മനുഷ്യരിൽ ചിലർക്ക് അവരുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താനുപകരിക്കുമ്പോൾ മറ്റു ചിലർക്ക് അത് അവരുടെ സൗകര്യങ്ങൾ കുറയാനും ഇടവരുത്തുന്നു. ഇങ്ങിനെ വരുമ്പോൾ അധികാരശ്രേണിയിൽ ഉന്നതിയിലിരിക്കുന്നവർക്കായിരിക്കും സ്വാഭാവികമായും ഇതിന്റെ ഗുണങ്ങൾ അനുഭവിക്കാൻ കഴിയുന്നത്. അധികാരകേന്ദ്രങ്ങളാകട്ടെ സമ്പന്നന്റെ കരങ്ങളിലുമാകുന്നു. യഥാർത്ഥത്തിൽ വികസന സങ്കൽപം എന്നത് എന്നും അധികാര സാമ്പത്തിക ശ്രേണിയിലിരിക്കുന്ന ഒരു ഒരു ന്യൂനപക്ഷത്തിന്റെ താൽപര്യങ്ങളുടെ സൃഷ്ടിയാണ്.

**2.** വികസനമെന്നാൽ റോഡും വാഹനങ്ങളും കെട്ടിടങ്ങളും മാളും വിമാനത്താവളവുക്കെയായി ചുരുങ്ങുകയാണല്ലോ ഇന്ന്. മലമുകളിൽ താമസിക്കുന്ന ആദിവാസിക്ക് വിമാനത്താവളം പണിതുകൊടുത്താൽ അത് വികസനമാകുമോ. വികസനവാദികൾ പോലും ഇത് സമ്മതിക്കില്ല. അതവർക്കാവശ്യമില്ല എന്നതാണ് കാര്യം. അവർക്ക് ജീവിക്കാനാവശ്യമായ പരിസ്ഥിതി, കൃഷി സാഹചര്യങ്ങളെ മെച്ചപ്പെടുത്തലാകുന്നു അവിടെ വികസനം. അതുപോലെ അവരുടെ അനുവാദമില്ലാതെ അവർക്ക് ജീവിക്കാനാവശ്യമായ പ്രകൃതിവിഭവങ്ങളെ നഗരവികസനത്തിന് ഉപയോഗിക്കുന്നതും ശരിയായ രീതിയല്ല. എന്ത്, എവിടെ വേണം, അത് അത്യാവശ്യമാണോ എന്നൊന്നും പരിശോധിക്കാത്ത വികസനമാണ് പലപ്പോഴും ഇവിടെ നടക്കുന്നത്. അത്യുത്പാദന സമ്പദ്ഘടനയാണിത്. അത് അത്യുപഭോഗത്തെ ആവശ്യപ്പെടുന്നു. ആവശ്യങ്ങളും വിഭവപരിമിതിയും മറികടക്കാൻ ജീവിതശൈലി പുനർവിചാരണ ചെയ്യണം. ഉദാ. തൊഴിൽ, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ വിഭവ പരിമിതിക്കൊത്ത് പുനഃസംഘടിപ്പിക്കണം. കേരളത്തിൽ ഒരു കുടുംബത്തിന് താമസിക്കാൻ എത്ര വലിയ വീട് വരെയാകാം. ഇത്രയും വലിയ മതിലുകൾ ആവശ്യമുണ്ടോ? എത്ര വാഹനങ്ങൾ ഉപയോഗിക്കണം? അപ്പോൾ അതിനൊരു നിയന്ത്രണം വേണ്ടേ? വികസനത്തിന്റെ മാനദണ്ഡം പണമാകരുത്. കൈയിൽ കാശുണ്ടെന്ന് കരുതി പ്രകൃതി വിഭവങ്ങൾ എങ്ങിനെയും ഉപയോഗിക്കാം എന്നാകരുത്. മിനിമം ആവശ്യങ്ങളെ പരിഗണിക്കാം. അനാവശ്യങ്ങൾ പെരുകുമ്പോൾ പ്രകൃതിവിഭവങ്ങൾ കറയുകയും അത് അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു. അത് സംഘർഷങ്ങൾക്ക് ഇടയാക്കുന്നു.

**3.** വികസനമെന്ന വാക്ക് തെറ്റായി ഉപയോഗിക്കുന്നതിടത്തോളം സാമൂഹിക സമത്വവും ലിംഗനീതിയും ഉറപ്പുവരുത്താൻ പറ്റുമെന്ന് കരുതുന്നില്ല. വികസനത്തിന്റെ സങ്കൽപങ്ങളിൽ ഈ വിഷയങ്ങളൊന്നും വരുന്നില്ല. നമ്മൾ പുരോഗമിച്ചതുകൊണ്ടോ ശാസ്ത്ര സാങ്കേതികവിദ്യകൾ വളർന്നതുകൊണ്ടോ സാമൂഹിക അസമത്വങ്ങൾ കുറയുന്നില്ല എന്നാണ് ഇന്ന് കാണുന്ന സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്. സാമൂഹിക സാഹചര്യങ്ങളിൽ നിന്ന് സ്വാംശീകരിക്കുന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു വ്യക്തി രൂപംകൊള്ളുന്നത്. സാമ്പത്തികോന്നതിയാണ് ജീവിതവിജയമെന്ന് പഠിപ്പിക്കുന്ന ചുറ്റുപാടിൽ നിന്നും, മത്സരകേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ നിന്നും, സാമൂഹിക-സാമ്പത്തിക-ലിംഗ അസമത്വങ്ങളെക്കുറിച്ചൊന്നും വേവലാതിപ്പെടുന്ന സമൂഹം രൂപപ്പെടാൻ പ്രയാസമാണ്. അസമത്വങ്ങൾ അനുഭവിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെ വിഷയമായി അതെപ്പോഴും മാറുന്നു.

**4.** കേരള വികസന മാതൃക എന്ന് പൊക്കി പറയാൻ ഇവിടെ വലിയൊരു മാതൃകയുണ്ടോ എന്ന് പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ പരിസ്ഥിതിയുടെയും കാർഷികരംഗത്തിന്റെ അവസ്ഥ നോക്കാം. നമുക്കാവശ്യമുള്ള ഭക്ഷണം ഇവിടെ ഉണ്ടാക്കുന്നില്ല. വയലുകളും കുന്നുകളും ഇല്ലാതായികൊണ്ടിരിക്കുന്നു. കുടിവെള്ളം കിട്ടാത്ത പ്രദേശങ്ങൾ പെരുകുന്നു. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ മരുന്നു കഴിക്കുന്നവരിൽ മലയാളികൾ മുന്നിലാണ്. മിക്ക കാര്യങ്ങളിലും പരാശ്രയകേന്ദ്രീകൃതമായ ഒരു സമൂഹത്തെ മാതൃകയാക്കി കാണിക്കാൻ പറ്റില്ല. ജാതി-മത-വിഭാഗീയ ചിന്തകളിൽ മലയാളികൾ പുരോഗതി കൈവരിച്ചിരുന്നെങ്കിലും ഇന്നതും നഷ്ടമായിക്കൊണ്ടിരിക്കുന്നു.

**5.** കേരളത്തിലെ സിവിൽ സമൂഹമെന്ന് വിശേഷിപ്പിക്കുന്ന മിക്ക നവസാമൂഹിക പ്രസ്ഥാനങ്ങൾക്കും സാധാരണ ജനങ്ങളുമായുള്ള ബന്ധം കുറവാണ്. കുറച്ചു ബുദ്ധിജീവികേന്ദ്രങ്ങളും പ്രവർത്തനങ്ങളുമായി അവർ ചുരുങ്ങിപ്പോകുന്നു. കേരളത്തിൽ നമ്മൾ മാതൃകയായി അഭിമാനത്തോടു കൂടി ഉയർത്തിക്കാട്ടുന്ന ഒരുപാട് പരിസ്ഥിതി സമരങ്ങളുണ്ടായെങ്കിലും അത് ഒരു ജനകീയ പ്രസ്ഥാനമാക്കി രൂപം കൊടുക്കാൻ ഇവിടുത്തെ സിവിൽ സൊസൈറ്റിക്ക് സാധിച്ചിട്ടില്ല. അങ്ങനെ ഒരു ചിന്ത പോലും പലപ്പോഴുമില്ല എന്നതാണ് സങ്കടം. തെരഞ്ഞെടുപ്പു വരുമ്പോൾ ഇടതിനോ വലതിനോ കുത്തുന്നവരാണ് നമ്മളിൽ ഭൂരിപക്ഷവും. പരിസ്ഥിതി പ്രവർത്തനത്തകരിൽ നിന്നും മറ്റു നവസാമൂഹിക പ്രസ്ഥാനക്കാരിൽ നിന്നും ചെറിയ ഭിന്നതകൾ മറന്ന് ഇന്നത്തെ അധികാരശക്തികൾക്കെതിരെ ഒന്നിച്ച് ശക്തമായ നീക്കമുണ്ടായാലേ കേരളത്തിൽ ഇനിയെന്തെങ്കിലും മാറ്റം കൊണ്ടുവരാൻ സാധിക്കൂ. അപ്പോൾ മാത്രമേ ഇപ്പോഴത്തെ ഈ വികല വികസന സങ്കൽപങ്ങൾക്ക് കടിഞ്ഞാണിടാൻ നമുക്ക് പറ്റൂ. അതാഗ്രഹിക്കുന്ന ഒരു സമൂഹം ഇവിടെയുണ്ട് എന്നതാണ് യഥാർത്ഥ്യം. അത് മനസ്സിലാകാതെ പോകുന്നു നമ്മൾ പലപ്പോഴും.

**(കേരള ജൈവകർഷക സമിതി)**